# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1001** — **12/06/2014** ൽ മറുപടിക്ക്

## ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സഹായ ഉപകരണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | ഭിന്നശേഷി യുള്ള വിദ്യാർത്ഥികൾക്കായുള്ള സഹായ ഉപ ക ര ണങ്ങളുടെ വിതരണ ചുമതല ഏത് ഏജൻസിക്കാണ് ഈ വർഷം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | പൊതു വിദ്യാഭ്യാസ വകുപ്പ് IEDSS പദ്ധതിയിൻകീഴിൽ സഹായ ഉപകരണങ്ങൾ വാങ്ങുന്നതിന് Equipment Allowance ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ കേരള ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള കെൽട്രോണിനെയാണ് പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സഹായ ഉപകരണ വിതരണത്തിനായി എസ്.എസ്.എ ചുമതലപ്പെടുത്തിയിരുന്നത്. |
| ബി) | വിദ്യാർത്ഥികൾക്ക് ഏതെല്ലാം ഉപകരണ ങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാ ക്കുമോ ; | ബി) | ഡോക്ടർമാർ നിർദ്ദേശിക്കുന്ന ഓർത്തോ ഉപകരണങ്ങൾ, ശ്രവണ സഹായി ഉപകര ണങ്ങൾ, കണ്ണടകൾ കൂടാതെ വൈകല്യം ലഘൂകരിക്കാനുള്ള ഫിസിയോ തെറാപ്പി ഉപകരണങ്ങൾ, വീൽചെയർ, സി.പി. ചെയർ, വാക്കർ എന്നിവ നൽകിവരുകയും ചെയ്യുന്നു. |
| സി) | പഠന സഹായ ഉപ ക ര ണ ങ്ങൾ അദ്ധ്യയന വർഷാരം ഭത്തിൽ തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി) | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ പഠന ബോധന സാമഗ്രികൾ എന്നിവ അധ്യയന വർഷത്തിന്റെ ആരംഭത്തിൽ നൽകുന്നതിനുള്ള നടപടികൾ എസ്.എസ്.എ സ്വീകരിച്ചിട്ടുണ്ട്. DEO Level -ൽ നടക്കുന്ന മെഡിക്കൽ ക്യാമ്പു കൾക്കുശേഷം ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് പൊതു വിദ്യാഭ്യാസ വകുപ്പ് തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ